# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*238 — 05.10.2016-ൽ മറുപടിയ്ക്ക്

## 'സാഹിത്യ-സാംസ്കാരിക സ്ഥാപനങ്ങൾ'

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. കെ. ജെ. മാക്സി<br>ശ്രീ. യു. ആർ. പ്രദീപ് : | **ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| എ) സംസ്ഥാന സർക്കാരിനു കീഴിലുള്ള സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവയുടെ ലക്ഷ്യങ്ങളെന്തൊക്കെ യെന്നും അറിയിക്കാമോ; | എ) അനുബന്ധമായി ചേർക്കുന്നു. |
| ബി) ജനാധിപത്യക്രമത്തിന് അനിവാര്യമായ സാമുദായിക സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിന് ഈ സ്ഥാപനങ്ങൾക്ക് എടുത്തു പറയത്തക്ക പങ്കുവഹിക്കാൻ സാധിക്കാതെ പോയതിന്റെ കാരണം വിലയിരുത്തി അതു പരിഹരിക്കാൻ ശ്രമം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; | ബി) മതേതര സംസ്കാരം അനുവർത്തിച്ചു പോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ജനാധിപത്യക്രമത്തിന് അനിവാര്യമായ സാമുദായിക സാമൂഹ്യ അഭേദം പരിപോഷി പ്പിക്കുന്നതിനും മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരേ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യ പടിയാണ് നമുക്ക് ജാതിയോ മതമോ ഇല്ല എന്ന പ്രഖ്യാതമായ ശ്രീനാരായണ ഗുരുവിളംബര ത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകൈയ്യെടുത്തത്. ഈ പരിപാടി സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 6000 സ്ഥലങ്ങളിലെങ്കിലും സംഘടിപ്പിക്കപ്പെടുന്നതാണ്. |

സാംസ്കാരിക വകുപ്പിന് കീഴിൽ വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ / സംഘടനകളെ ഉൾപ്പെടുത്തി നടത്തുന്ന ഏതു പരിപാടിയിലും ജാതി മത ലിംഗ ഭേദമന്യേ ആൾക്കാർ പങ്കെടുക്കുകയും ആൾക്കാരെ പങ്കെടുപ്പിക്കുകയും ചെയ്യുന്നുണ്ട്. സമഗ്രമായ സാമൂഹ്യ വികസനം ലാക്കാക്കി സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുക എന്നത് ഈ സർക്കാരിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ ഒന്നാണ്.

സാംസ്കാരിക സ്ഥാപനങ്ങൾ സമൂഹത്തിന്റെ അടിത്തട്ടിലേയ്ക്ക് ഇറങ്ങിച്ചെന്ന് സാമുദായിക സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും, ഈ നാട്ടിലെ ഓരോ സാധാരണക്കാരന്റെയും അഭിലാഷങ്ങൾക്കൊത്തു പ്രവർത്തനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതാണ്.

സി) ഓണം പോലുള്ള ദേശീയോത്സവങ്ങളെയും, സാമൂഹ്യ പരിഷ്കർത്താക്കളെയും നവോത്ഥാന നായകരെയും അവർ സ്ഥാപിച്ച പ്രസ്ഥാനങ്ങളെയും മറ്റും സാമുദായിക വർഗ്ഗീയ ചേരിതിരിവിന് ഉപയോഗിക്കുന്ന വ്യക്തികളെ ആശയപരമായി നേരിടാൻ തക്കവിധം സാംസ്കാരിക സ്ഥാപനങ്ങളെ മാറ്റിയെടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

സി) മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയെടുത്ത് പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിൽ സാംസ്കാരികമായ ഉന്നതി വളർത്തി സാമുദായിക വർഗ്ഗീയ ചേരിതിരിവ് ഒരളവ് വരെ കുറയ്ക്കുന്നതിനും 'ജാതിയില്ലാ വിളംബരം' വാർഷികം പോലുള്ള ആഘോഷം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. നവോത്ഥാന മൂല്യങ്ങളുടെ വീണ്ടെടുപ്പിനും ചരിത്ര തമസ്കരണത്തെ പ്രതിരോധിക്കുന്നതിനും വിവിധ സാംസ്കാരിക സാഹിത്യ സ്ഥാപനങ്ങൾ ഫലപ്രദമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | സ്ഥാപനം | ലക്ഷ്യം |
|---|---|---|
| 1 | കേരള സാഹിത്യ അക്കാദമി | മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും സമഗ്രമായ പുരോഗതിക്കുവേണ്ടി എഴുത്തുകാരുടെ ഇടയിൽ സഹകരണം വ്യാപിപ്പിക്കുക. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും പുരോഗതിക്കാധാരമായ ഏതു നടപടിയും പ്രോത്സാഹിപ്പിക്കുക. |
| 2 | കേരള സംഗീത നാടക അക്കാദമി | നാടകം, സംഗീതം, നൃത്തം, നാടൻ സംഗീത കലകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി . |
| 3 | കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി | സിനിമാ, ടിവി സംബന്ധിച്ച വിഷയങ്ങളിന്മേൽ നയ രൂപീകരണത്തിന് സർക്കാരിനെ സഹായിക്കുക, അന്താരാഷ്ട്ര സിനിമാ പ്രദർശനങ്ങൾ സംഘടിപ്പിക്കുക. |
| 4 | കേരള ലളിത കലാ അക്കാദമി | പ്ലാസ്റ്റിക്ക് ആർട്ടും, ദൃശ്യകലകളും, ശില്പകലകളും പ്രോത്സാഹിപ്പിക്കുന്നതിനായി. |
| 5 | കേരള ഫോക് ലോർ അക്കാദമി | കേരളത്തിലെ പരമ്പരാഗതമായ നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക. |
| 6 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം | മലയാള ഭാഷയുടെ പ്രചരണത്തിനും ഉന്നമനത്തിനുമായി പ്രവർത്തിക്കുക. ഇന്ത്യയിലെ വിവിധ ഭാഷകൾ തമ്മിലുള്ള ആശയവിനിമയം ശക്തിപ്പെടുത്തുക. വിവിധ ഭാഷകളിലുള്ള ദേശീയവും വൈദേശികവുമായ പുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുക. |
| 7 | കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട് | വിജ്ഞാനം സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിനും മലയാളിയുടെ സാംസ്കാരിക അവബോധം ഉയർത്തുന്നതിനും മലയാളത്തിൽ സർവ്വവിജ്ഞാനകോശം വാല്യങ്ങൾ പ്രസിദ്ധീകരിക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യം. |
| 8 | കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് | കുട്ടികളിൽ അറിവും സർഗ്ഗാത്മക വാസനയും വളർത്തുന്നതിന് ഉതകുന്ന പുസ്തകങ്ങൾ രചിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക. |
| 9 | കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് | സംസ്ഥാന ഗവൺമെന്റിന്റെ സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ സമാർജിക്കുകയും വില്പന നടത്തുകയും ചെയ്യുക. |
| 10 | മലയാളം മിഷൻ | മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും സംസ്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കുന്നതിലേയ്ക്ക്. |
| 11 | വാസ്തുവിദ്യാ ഗുരുകലം ആറന്മുള | കേരളത്തിന്റെ പരമ്പരാഗതമായ വാസ്തുവിദ്യയുടെ പ്രചരണം, സംരക്ഷണം , പുനരുജ്ജീവിപ്പിക്കുന്നതിന്. |
| 12 | കൊങ്കിണി സാഹിത്യ അക്കാദമി, എറണാകുളം | കൊങ്കിണി ഭാഷാ സാഹിത്യം, കലകളുടെ പ്രോത്സാഹനം |
| 13 | ഗുരു ഗോപിനാഥ് നടന ഗ്രാമം | കേന്ദ്ര അക്കാദമികളും, സംസ്ഥാന അക്കാദമികളും യൂണിവേഴ്സിറ്റികളുമായി കൈകോർത്തുകൊണ്ട് കേരള നടനം ഉൾപ്പടെയുള്ള ഇന്ത്യൻ ക്ലാസിക്കൽ നൃത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്. |
| 14 | സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് (പൈതൃക പഠന കേന്ദ്രം) | പുരാവസ്തു, പ്രാചീനകല, പുരാരേഖാ പഠനം, മ്യൂസിയങ്ങളെ കുറിച്ചുള്ള പഠനം/ഗവേഷണം നടത്തുന്നതിനുള്ള വിവിധ കോഴ്സുകൾ നടത്തുക. |

| | | |
|---|---|---|
| 15 | ഭാരത് ഭവൻ | കേരളീയരുടേയും കേരളത്തിലുള്ള മറ്റ് ഭാഷകൾ സംസാരിക്കുന്ന മറുനാടൻ ജനങ്ങളുടെയും സാംസ്കാരികോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കുന്നതിനായും ഏകീകരണത്തിനായുമുള്ള വേദി ഒരുക്കുന്നതിന് |
| 16 | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ | സിനിമാ രംഗത്തെ കാലത്തിനൊത്ത് ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങളും സർക്കാർ തീയേറ്ററുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും |
| 17 | വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം | വിവിധ കലകളെയും സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുക. വിവിധ കലാപ്രകടനങ്ങൾക്ക് വേദി നൽകുക എന്നിവ. |
| 18 | ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം, തിരുവനന്തപുരം | ഗുരുദേവ ജീവിത ദർശനങ്ങളെയും സാമൂഹ്യ അനാചാരത്തിനെതിരെ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുക, ഗവേഷണം നടത്തുക. ഗുരുദേവന്റെ ജന്മസ്ഥലവും ജനിച്ച വീടും സംരക്ഷിക്കുക. |
| 19 | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല | രംഗകലകൾക്ക് പരിശീലനവും പ്രോത്സാഹനവും നൽകുന്നതിന്. |
| 20 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് | ക്ഷേമനിധിയിൽ അംഗത്വം നേടിയവർക്ക് പ്രതിമാസ പെൻഷൻ, ചികിത്സാ ധനസഹായം എന്നിവ നൽകുന്നതിലേയ്ക്കായി |
| 21 | കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് , തോന്നയ്ക്കൽ | കവി കുമാരനാശാന്റെ രചനകൾ, ആദർശം എന്നിവ സംബന്ധിച്ച പഠനം പ്രോത്സാഹിപ്പിക്കുക. |
| 22 | ജവഹർ ബാലഭവൻ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ | 4-14 വയസ്സ് വരെയുള്ള കുട്ടികൾക്ക് കലാ, സാഹിത്യം, ശാസ്ത്രം, വിനോദം എന്നീ വിഷയങ്ങളിന്മേൽ പ്രോത്സാഹനം, പരിശീലനം നൽകുന്നതിലേയ്ക്കായി. |
| 23 | തുളു അക്കാദമി, കാസറഗോഡ് | തുളു ഭാഷാ, കല, സാഹിത്യം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് |
| 24 | മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, മലപ്പുറം | മലബാറിലെ പരമ്പരാഗതമായ മാപ്പിളകലയും സംസ്കാരവും നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും. |
| 25 | നരേന്ദ്രപ്രസാദ് നാടക പഠന കേന്ദ്രം, മാവേലിക്കര | നരേന്ദ്രപ്രസാദിന്റെ സ്മരണ നിലനിർത്തുന്നതിനാവശ്യമായ പദ്ധതികളും പരിപാടികളും ഏറ്റെടുത്ത് നടപ്പിലാക്കുക. കലയുടെ വിവിധ മേഖലകളെ പ്രോത്സാഹിപ്പിക്കുക. |
| 26 | പാർഥി സുബ്ബ യക്ഷഗാന സമിതി, കാസറഗോഡ് | കാസർകോടിന്റെ തനതുകലയായ യക്ഷഗാനത്തിന് പരമാവധി പ്രചാരം ലഭ്യമാക്കുക, പ്രോത്സാഹിപ്പിക്കുക.<br>യക്ഷഗാന കലയിൽ ഗവേഷണം നടത്തുക. |
| 27 | വൈക്കം മുഹമ്മദ് ബഷീർ സ്മാരകം, കോഴിക്കോട് | വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണ നിലനിർത്തുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.<br>സാഹിത്യം, കല, സംഗീതം, സംസ്കാരം, ഭാഷ എന്നിവയെ പ്രോത്സാഹിപ്പിക്കുക, ഓരോ മേഖലയിലെയും കലാകാരന്മാർ തമ്മിലുള്ള പരസ്പര സഹകരണം വളർത്തി പുതിയ പരീക്ഷണങ്ങളിലൂടെ ഒരു പുതിയ സംസ്കാരം രൂപപ്പെടുത്തുക. |
| 28 | പല്ലന കുമാരനാശാൻ സ്മാരകം, ആലപ്പുഴ | മഹാകവി കുമാരനാശാന്റെ സ്മരണ നിലനിർത്തുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.<br>സാഹിത്യം , കല, സംഗീതം, സംസ്കാരം, ഭാഷ, ചിത്രകല, ശില്പകല എന്നിവയെ പ്രോത്സാഹിപ്പിക്കുക. |

| | | |
|---|---|---|
| 29 | ഒ. വി. വിജയൻ സ്മാരകം, പാലക്കാട് | ഒ. വി. വിജയന്റെ രചനകൾ പ്രചരിപ്പിക്കുന്നതിനും അദ്ദേഹത്തിന്റെ വീടു സംരക്ഷിക്കുന്നതിനും |
| 30 | കുഞ്ചൻ നമ്പ്യാർ സ്മാരകം, അമ്പലപ്പുഴ & പാലക്കാട് | കുഞ്ചൻ നമ്പ്യാരുടെ രചനകൾ പ്രചരിപ്പിക്കുന്നതിനും സ്മരണ നിലനിർത്തുന്നതിനും |
| 31 | തകഴി സ്മാരകം, ആലപ്പുഴ | തകഴിയുടെ രചനകൾ പ്രചരിപ്പിക്കുന്നതിനും സ്മരണ നിലനിർത്തുന്നതിനും |
| 32 | മയ്യനാട് സി. കേശവൻ സ്മാരകം, കൊല്ലം | മയ്യനാട് സി. കേശവന്റെ സ്മരണ നിലനിർത്തുന്നതിനുള്ള കലാ സാംസ്കാരിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുക. |
| 33 | ഗോവിന്ദ പൈ സ്മാരക സമിതി, കാസറഗോഡ് | രാഷ്ട്രകവി ഗോവിന്ദ പൈയുടെ രചനയും ആദർശങ്ങളും പ്രചരിപ്പിക്കുന്നതിനും സ്മരണ നിലനിർത്തുന്നതിനും |
| 34 | ചെറായി സഹോദരൻ അയ്യപ്പൻ സ്മാരക സമിതി, എറണാകുളം | നവോത്ഥാന നായകനായ സഹോദരൻ അയ്യപ്പന്റെ ആശയ ആദർശങ്ങൾ വരും തലമുറയ്ക്ക് പകരുക |
| 35 | കുഞ്ഞുണ്ണിമാഷ് സ്മാരകം , തൃശ്ശൂർ | കുഞ്ഞുണ്ണി മാഷിന്റെ രചനകൾ പ്രചരിപ്പിക്കുന്നതിനും സ്മരണ നിലനിർത്തുന്നതിനും |
| 36 | സരസകവി മൂലൂർ സ്മാരകം | സരസകവി മൂലൂരിന്റെ രചനകൾ ആദർശം സംബന്ധിച്ച പഠനം പ്രോത്സാഹിപ്പിക്കുക. |
| 37 | കേരള ചരിത്ര പൈതൃകമ്യൂസിയം | പുരാവസ്തു, പുരാരേഖാ, മ്യൂസിയങ്ങൾ എന്നിവയുടെ സംരക്ഷണം, പുനരുദ്ധാരണം എന്നിവയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. |
| 38 | എ. ആർ. രാജരാജവർമ്മ സ്മാരക സമിതി , മാവേലിക്കര | എ. ആർ. രാജരാജവർമ്മയുടെ കൃതികൾ പ്രചരിപ്പിക്കുക , വീട് സംരക്ഷിക്കുക. |